Draft #4 of File 36970/AD B2-2/2019/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 20-Nov-2019 04:25 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിലെ വിവിധ സെക്ഷനുകളിൽ അധികമുള്ള ഫർണിച്ചർ കണ്ടെത്തി ആവശ്യമുള്ള സെക്ഷനുകൾക്ക് വിതരണം ചെയ്യുന്നതിന് എസ്റ്റേറ്റ് വിഭാഗത്തിന് അനുമതി നൽകുന്നത് - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം ബി 2 സെക്ഷൻ**

നമ്പർ. 5816/AD B 2/2019/എം.ജി.യു　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 21.11.2019

---

പരാമർശം:-1. 19/02/2019 തീയതിയിൽ ബഹു. വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ച സർവ്വകലാശാല പർച്ചേസ് കമ്മിറ്റി മീറ്റിംഗ് മിനിറ്റ്സ്.

2. 30/09/2019 തീയതിയിൽ എ. ഡി. ബി 3 സെക്ഷനിൽ നിന്നും ലഭിച്ച കുറിപ്പ്

**ഉത്തരവ്**

സർവ്വകലാശാലയിലെ വിവിധ ഓഫീസ് സെക്ഷനുകളിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിന്റെ ഭാഗമായി, സർവ്വകലാശാലയിലെ വിവിധ സെക്ഷനുകളിലെ ഫർണീച്ചറുകളുടെ സ്റ്റോക്ക്, ജീവനക്കാരുടെ എണ്ണം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയുന്നതിന് സർക്കുലർ നൽകുന്നതിനും കേടുപാടുകൾ ഉള്ളത് നന്നാക്കി ആവശ്യമുള്ള സെക്ഷനുകളിലേക്ക് വിതരണം ചെയ്യുന്നതിനും പരാമർശം (1) പ്രകാരം എസ്റ്റേറ്റ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു.

എന്നാൽ അധികമുള്ള ഫർണിച്ചർ സംബന്ധിച്ച് സെക്ഷനുകൾ നൽകുന്ന വിവരങ്ങളെ ആശ്രയിക്കാതെ, സെക്ഷനുകളുമായി നേരിൽ ബന്ധപ്പെടുകയും നിലവിലെ സ്റ്റാഫിന്റെ അടിസ്ഥാനത്തിൽ എണ്ണം നിർണ്ണയിക്കുകയും ബാക്കിയുണ്ടെങ്കിൽ ആയത് അപ്പോൾ തന്നെ മറ്റൊരു മുറിയിലേക്ക് നീക്കം ചെയ്യുകയും ചെയ്യുന്നതിനുള്ള അനുവാദം നൽകണമെന്ന് എസ്റ്റേറ്റ് വിഭാഗം പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.പ്രസ്തുത അപേക്ഷ ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രദീപ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ സെക്ഷനുകൾക്കും
2. വി. സി/ പി. വി.സി. എന്നിവരുടെ പി. എസ്
3. രജിസ്ട്രാർ/ എഫ്. ഒ/ സി. ഇ എന്നിവരുടെ പി എ മാർ

4. ജോയിന്റ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/അസി. രജിസ്ട്രാർ ( ഭരണം/ ധനകാര്യം/അക്കാദമിക്/ പരീക്ഷ)

5. സി . എം. എസ് / റെക്കോർഡ്സ്

File No.36970/AD B2-2/2019/AD B2

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 36970/AD B2-2/2019/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 20-Nov-2019 04:25 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം